# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.387

## 08-08-2017 ൽ മറുപടിക്ക്

### കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ തൽസ്ഥിതി

| ചോദ്യം<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി വഴി സംസ്ഥാനത്ത് നടപ്പിലാക്കുന്ന എത്ര പദ്ധതികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | 08.08.2016 ലെ സ.ഉ.(കൈ) നം. 315/16/ധന ഉത്തരവ് പ്രകാരം കിഫ്ബി വഴി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പാണ് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത്. നാളിതുവരെ കൂടിയ കിഫ് ബോർഡ് യോഗങ്ങൾ ഭരണാനുമതിയോടു കൂടിയ 80 പദ്ധതികൾക്ക് അംഗീകാരം നൽകുകയും 43 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതിൽ ഇതിനകം എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറിൽ ഒപ്പുവച്ചിട്ടുണ്ട്; ഏതെങ്കിലും പ്രവൃത്തികളുടെ ടെൻഡർ നടപടി പൂർത്തിയായിട്ടുണ്ടോ; | 3,816.75 കോടി രൂപയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുകയ്ക്കായി കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. ഇതിൽ 983.80 കോടി രൂപയുള്ള പദ്ധതികളുടെ ടെൻഡർ നടപടി പൂർത്തിയായിട്ടുണ്ട്. |
| (സി) നടപ്പ് സാമ്പത്തിക വർഷം ഏതൊക്കെ പദ്ധതികൾ തുടങ്ങാനാണ് പദ്ധതി ഇട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | കിഫ് ബോർഡ് അംഗീകാരം നൽകുന്ന മുഴുവൻ പദ്ധതികളുടേയും നിർവ്വഹണം ഈ വർഷം ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) ബഡ്ജറ്റിൽ കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള വൻകിട പദ്ധതികളുടെ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | ബഡ്ജറ്റിൽ കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള വൻകിട പദ്ധതികളുടെ പഠന റിപ്പോർട്ട് തയ്യാറാക്കേണ്ട ചുമതല ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കാണ്. ബന്ധപ്പെട്ട ഭരണവകുപ്പുകൾ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്, വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ചർ എന്നിവ |

| | |
|---|---|
| | സഹിതമാണ് കിഫ്ബിക്ക് ഓൺലൈനായി സമർപ്പിക്കേണ്ടത്. ഇവ ലഭ്യമാക്കിയാൽ മാത്രമേ കിഫ്ബിക്ക് തുടർ നടപടികൾ സ്വീകരിക്കാനാവൂ. നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള എല്ലാ പദ്ധതികൾക്കും വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ) പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; ഈ സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ? | പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി കിഫ്ബിയുടെ മേൽനോട്ടത്തിൽ കാലാകാലങ്ങളിൽ കൂടുന്ന വകുപ്പദ്ധ്യക്ഷൻമാരുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും യോഗങ്ങളിൽ കിഫ്ബി പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പദ്ധതികളുടെ അവലോകനവും പ്രവർത്തനവും കുറ്റമറ്റ രീതിയിൽ നടപ്പിൽ വരുത്തുന്നതിനായി കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗവും ഇൻസ്പെക്ഷൻ അതോറിറ്റിയും കാലതാമസം കൂടാതെയുള്ള ധനസഹായം നൽകുന്നതിനായി ഭരണ – ധനകാര്യ വിഭാഗവും കിഫ്ബിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ പദ്ധതികളുടെ വിശദമായ വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ചർ, പ്രോജക്ട് സോഫ്റ്റ് വെയർ വഴി ലഭ്യമാക്കുന്നതിനാൽ പദ്ധതി പ്രവർത്തനവും പുരോഗതിയും ഓൺലൈനായും വിലയിരുത്താൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**